# പുലരി....

ലിറ്റിൽ കൈറ്റ് യൂണിറ്റ്
ജി എച്ച് എസ് എസ് ചേർത്തല സൗത്ത്

# ആശംസകൾ

ലിറ്റിൽ കൈറ്റ് യൂണിറ്റിലെ കൊച്ചു കൂട്ടുകാരുടെ ആഭിമുഖ്യത്തിൽ പുറത്തിറങ്ങുന്ന "പുലരി"എന്ന ഡിജിറ്റൽ മാഗസിന് ന്റെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.....

**ആശംസകളോടെ....**

ഹെഡ്മിസ്ട്രസ്

**ശ്രീകലാദേവി പി എൽ**

# ആശംസകൾ



ടി. വി. ഹരികുമാർ
കണിച്ചുകുളങ്ങര
(അധ്യാപകൻ ജി.എച്ച്.എസ്സ് .എസ്സ്
ചേർത്തല സൗത്ത്)

ചേർത്തല ഗവ :ഹയർ സെക്കന്ററി സ്കൂളിലെ " ലിറ്റിൽ കൈറ്റ്സ് " ക്ലബിലെ കുട്ടികൾ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നത് ആഹ്ളാദകരം തന്നെ. കുട്ടികളിൽ നൈസർഗീകശേഷി വികാസം തന്നെയാണ് വിദ്യാഭ്യാസം. എഴുതാനുള്ള, വായിക്കാനുള്ള, വരയ്ക്കാനുള്ള കഴിവ് ഒപ്പം അത് രേഖപ്പെടുത്താനുള്ള കഴിവ് ഇതിനെയാണ് നാം മാഗസിൻ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇന്ന് ശാസ്ത്ര സാങ്കേതിക വിദ്യ വളർന്ന് കഴിഞ്ഞു.ജനനം കൊണ്ട് ആരും മഹാന്മാരാകുന്നില്ല. മറിച്ച് വിദ്യയും വിവേകവും സമന്വയിക്കുമ്പോഴാണ് അവൻ മനുഷ്യനും മഹാനും ആയി തീരുന്നത്. ശാസ്ത്രത്തിന്റെ വളർച്ചയിൽ നാം എന്നും അമ്പരപ്പുള്ളവരാണ്. ഇതാ ഈ ഡിജിറ്റൽ മാഗസീനിന് എല്ലാ ആശംസകളും നേരുന്നു. ലിറ്റിൽ കൈറ്റ് നന്നായി. അഭിനന്ദനീയം.......................

ആശംസകളോടെ....

# അഥീന



**ജീ**വിതത്തിന്റെ ഏകാന്തതയിൽ എപ്പോഴോ അവൾ ഒറ്റപ്പെട്ടത് പോലെ തോന്നി എങ്ങോട്ട് പോകണം എന്ന് ആലോചിച്ച് കുറച്ച് നേരം നിന്ന ശേഷം പുസ്തക സഞ്ചി തോളിലേറ്റി മുന്നോട്ട് നടന്നു.സ്കൂളിൽ എത്തിയപ്പോഴേക്കും ഒത്തിരി വൈകി എങ്കിലും ഒന്നുമറിയാത്തതുപോലെ ക്ലാസ്സിലേക്ക് ഓടിക്കയറി. പെട്ടന്ന് അവളുടെ കണ്ണുകൾ കസേരയിൽ ഇരിക്കുന്ന അധ്യാപകനിലേക്ക് തിരിഞ്ഞു. എന്റെ ക്ലാസ് ടീച്ചർ മാർട്ടിൻ സർ ഇരിന്നിരുന്ന കസേരയിൽ മറ്റൊരാൾ,അവളുടെ കാലുകൾ രണ്ടുചുവട് പിന്നോട്ട് വലിഞ്ഞു.അവൾക്ക് പേടി തോന്നി.തന്നെ പൊന്നു പോലെ സ്നേഹിച്ച തന്റെ അധ്യാപകൻ എവിടെ..?അവൾ ചുറ്റും നോക്കി അവളുടെ കണ്ണുകളിൽ പേടിയുടെ നിഴലുകൾ അധ്യാപകൻ കണ്ടു.പെട്ടന്നൊരു പരുക്കൻ ശബ്ദം, " കയറി വരു, എന്താ നിന്റെ പേര്..?നീ എന്തിനാ പേടിക്കുന്നെ.?" വിറയാർന്ന ശരീരത്തോടെ അവള് ക്ലാസിലേക്ക് കയറി,.."എന്റെ പേര് അഥീന"അവൾ പേര് പറഞ്ഞു,അവളുടെ ചുണ്ടുകൾ വിറയ്ക്കുന്നുണ്ടായിരുന്നു അപ്പോൾ"പോയി സീറ്റിൽ ഇരിക്കു" അധ്യാപകൻ പറഞ്ഞു.അപ്പോഴും അവൾ എന്തോ ചോദിക്കാൻ ഒരുങ്ങുന്നതുപോലെ അദ്ദേഹത്തിന് തോന്നി, "എന്റെ പേര് രവി ഇനി മുതൽ ഞാൻ ആണ് നിങ്ങളുടെ ക്ലാസ്സ് ടീച്ചർ"അദ്ദേഹം ഇത് പറഞ്ഞുതീരു മ്പോഴേക്കും അവളുടെ കണ്ണിൽ നിന്നും രണ്ടു തുള്ളി കണ്ണുനീർ അവളുടെ പുസ്തകത്താളുകളിലേക്ക് ഇറ്റിറ്റ് വീണു.എന്റെ അച്ഛനും അമ്മയും തരുന്ന സ്നേഹം എനിക്ക് എന്റെ സർ തന്നിരുന്നു,എന്നെ മനസ്സിലാക്കിയ എന്റെ അധ്യാപകൻ എന്നോട് പറയാതെ എവിടെ പോയി..?എല്ലാ കുട്ടികളോടും അവൾ ചോദിച്ചു,ആർക്കുമൊന്നും അറിയില്ല.അപ്പോഴെക്കും ആ കുഞ്ഞുമനസ്സ് വേദനിച്ചു.ഒരോ ദിവസ്സംചെല്ലുംന്തോറും അഥീന പഠിക്കുന്നതിലൊന്നും ശ്രദ്ധിച്ചിരുന്നില്ല.രവി സർ എല്ലാവരോടും തിരക്കി.പക്ഷെ അധ്യാപകരെല്ലാം തന്നെ അവൾ നാലാം ക്ലാസ്സിൽ നല്ല വണ്ണം പഠിക്കുമാരുന്നു..നല്ല മാർക്ക് ഉണ്ടയിരുന്നു എന്നാണല്ലോ പറഞ്ഞത്, പക്ഷെ ഈ കുട്ടിക്ക് ഇത് എന്താണ് പറ്റിയത്,രവി സർ ആലോചിച്ചു. ഒരു ദിവസം ദേഷ്യം സഹിക്കവയ്യാതെ അദ്ദേഹം അവളുടെ കയ്യിൽ ആഞ്ഞൊരടി കൊടുത്തു," നാളെ വരുമ്പോൾ നിന്റെ അച്ചനെ വിളിച്ചുകൊണ്ട് വരണം" അദ്ദേഹം പറഞ്ഞു.

ഒന്നും മിണ്ടാതെ അവൾ ഇരിപ്പിടത്തിൽ പോയി ഡസ്കിലേക്ക് തലയും കുമ്പിട്ടിരിന്നു.എല്ലാ വേദനയും ഉള്ളിൽ ഒതുക്കി.ഇടക്ക് അവൾ ഏങ്ങലടിക്കുന്നുണ്ടായിരുന്നു.പിന്നെ കുറച്ച് ദിവസത്തേക്ക് അവൾ സ്കൂളിലേക്ക് വന്നതേ ഇല്ല.രവി സർ മറ്റ് കുട്ടികളോടും അധ്യാപകരോടും തിരക്കി,അവൾ വരാത്തത് എന്താണെന്ന് ആർക്കും അറിയില്ല.അവസാനം അവളുടെ വീട് തിരക്കി സർ ഇറങ്ങി.ഈ സ്ഥലമൊന്നും രവി സാറിന് അറിയില്ല.എങ്കിലും ചോദിച്ച് ചോദിച്ച് പോകാം...അദ്ദേഹം തീരുമാനിച്ചു.സ്കൂളിൽ നിന്നും മൂന്ന് കിലോമീറ്റർ ദൂരം വരും അവളുടെ വീട്ടിലേക്ക്.കുറച്ച് ദൂരം ചെന്നപ്പോൾ തോടും പാടവും കുറ്റിക്കാടുകളും നിറഞ്ഞ വഴി,പാടത്തിന് നടുവിലൂടെ ഒരു കൊച്ചു പൂഴി റോഡ്, ആ റോഡ് തീരുന്നിടത്ത് ഒരു പെട്ടിക്കട അദ്ദേഹത്തിന്റെ കണ്ണിൽ പെട്ടു.ആ കടയിൽ കയറി,പത്തെഴുപത് വയസ്സ് തോന്നിക്കുന്ന ഒരാളാണ് കടക്കാരൻ.ഒരു ചായ കുടിച്ചതിന് ശേഷം രവി സാർ അഥീനയുടെ വീട്ടിലേക്കുള്ള വഴി തിരക്കി. ആ കടക്കാരൻ പറഞ്ഞു " നിങ്ങൾക്ക് അവൾ അഥീന ആയിരിക്കും,എന്നാൽ ഞങ്ങൾക്ക് അവൾ എല്ലാമാണ്. അവൾ നല്ലകുട്ടിയാ,എല്ലാ കഴിവുകളും ഉണ്ട് പക്ഷെ എന്ത് ചെയ്യാനാ"...... ഇത്രയും പറഞ്ഞ് തീർന്നില്ല അദ്ദേഹത്തിന്റെ കണ്ണിൽ നിന്നും കണ്ണുനീർ ഉതിർന്നു." സർ ഈ കാണുന്ന വഴിയിലൂടെ മുന്നോട്ട് പോവുക,കുറച്ച് ദൂരം ചെല്ലുമ്പോൾ ഒരു അനാഥാലയം കാണാം അതിന്റെ അരികിലൂടെ ഒരു വഴി ഉണ്ട് അവളുടെ വീട്ടിലേക്ക്"..അയാൾ പറഞ്ഞു.

ആ വഴി ലക്ഷ്യംവെച്ച് രവി സാർ നടന്നു.കുറച്ച് ദൂരം ചെന്നപ്പോൾ ഒരു കൊച്ചു ഓലമേഞ്ഞ കുടിൽ അതിന് തെക്ക് വശത്തായി പുല്ല് പിടിച്ച് നിൽക്കുന്ന ഒരു മൺകൂന.ആ കൂനയുടെ അരികിലായി രണ്ട് കയ്യും കൂപ്പി ഇരുന്ന് കരയുന്ന അഥീന...ഒരു കൊച്ചുടുപ്പ് മാത്രം ആണ് അവളുടെ വേഷം...ഒരു മുഷിഞ്ഞ വസ്ത്രം...അവിടവിടെയായി കീറിയിട്ടുണ്ട്. രവി സാർ അവളുടെ അരികിലേക്ക് ചെന്നു,അവളുടെ തോളിൽ മ്രിദുവായി തൊട്ടു, പെട്ടെന്ന് അവൾ തിരിഞ്ഞു നോക്കി.തന്റെ മാർട്ടിൻ സാറിന്റെ മുഖമായാണ് അവൾക്ക് പെട്ടന്ന് തോന്നിയത്,അവൾ അലറി വിളിച്ചുകൊണ്ട് പറഞ്ഞു"അമ്മേ..ദാ...മാർട്ടിൻ സർ വന്നിരിക്കുന്നു.." .." കുട്ടി നീ എന്താണീ പറയുന്നത്, ഞാൻ രവി സാറാണ്. " പെട്ടന്ന് അവളുടെ മുഖം മങ്ങി ഓടി കുടിലിലേക്ക് കയറി.അവളുടെ കരച്ചിൽ കേട്ട് ആ കുടിലിൽ നിന്നും ഒരു രൂപം പുറത്തേക്ക് ഇറങ്ങി വന്നു, ഒരു അസ്ഥിപഞ്ജരം,പട്ടിണിക്കോലം, കണ്ണുകൾ നന്നേ കുഴിഞ്ഞ്,ഒരു നേർത്ത ശബ്ദം പുറത്തേക്ക് വന്നു.

"മാർട്ടിൻ സർ ആണോ..?" അല്ല...മാർട്ടിൻ സർ മറ്റൊരു സ്കൂളിലേക്ക് സ്ഥലം മാറിപ്പോയി...പകരം വന്ന ആളാണ് ഞാൻ..". "അറിഞ്ഞു...ഞാൻ എല്ലാം അറിഞ്ഞു..എന്റെ കുഞ്ഞിന്റെ ദൈവമായിരുന്നു ഞങ്ങളുടെ അന്ന ദാതാവാരുന്നു മാർട്ടിൻ സാർ..അങ്ങനെ ആവാൻ ആർക്കും സാധിക്കില്ല..". അവർ പൊട്ടിക്കരഞ്ഞു. "സാർ എന്റെ മകളെ വേദനിപ്പിച്ചു അല്ലെ..പക്ഷെ മാർട്ടിൻ സാർ അവളെ വേദനിപ്പിക്കില്ലാരുന്നു,അറിയുവോ.സാർ പറഞ്ഞില്ലേ അവളുടെ അച്ചനെ വിളിച്ചു കൊണ്ടുവരണമെന്ന്, സാർ കണ്ടോ ആ മൺ കൂന..അത് അവളുടെ അച്ചനാ.....വിളിച്ചാൽ വരാൻ പട്ടില്ല സാറെ...". അവർ അലറി കരഞ്ഞു.." ആർക്കും മനസാക്ഷി ഇല്ല ദൈവത്തിനുപോലും.മാർട്ടിൻ സാർ മനസാക്ഷി ഉള്ളവൻ ആയിരുന്നു..അദ്ദേഹം തുച്ഛമായ തുക കൊണ്ടായിരുന്നു ഞങ്ങൾ പട്ടിണി മാറ്റിയിരുന്നത്,പിന്നെ ഈ നാട്ടുകാരുടെ സഹായവും...."പിന്നെയും എന്തൊക്കെയോ പിറുപിറുത്ത് കൊണ്ടിരുന്നു ആ സ്ത്രീ..

കുറച്ച്നേരം ആലോചിച്ച് നിന്നിട്ട് അദ്ദേഹം നീട്ടിവിളിച്ചു... "അഥീനാ..."അവൾ പുറത്തേക്ക് വന്നു.." മോള് ക്ഷമിക്കണം..നീ നാളെ സ്കൂളിലേക്ക് വരണം.." .."ഇല്ല സാറെ..എന്റെ മാർട്ടിൻ സാറ് വന്നിട്ടെ ഞാൻ വരൂ..".."നിന്റെ മാർട്ടിൻ സാറാവാൻ എനിക്കും സാധിക്കും, എനിക്കെല്ലാം മനസ്സിലായി മോളെ. അധ്യാപകൻ എന്ന രീതിയിൽ നിന്നെ മനസ്സിലാക്കാൻ എനിക്ക് ഈ ചുരുങ്ങിയ ദിവസങ്ങൾ കൊണ്ട് എനിക്ക്സാധിച്ചില്ല.."...പത്ത് വയസ്സ് മാത്രം പ്രായമുള്ള ഈ കുഞ്ഞിനെ മനസ്സിലാക്കാൻ എനിക്ക് സാധിച്ചില്ലല്ലോ, കണ്ണ തുടച്ച് കൊണ്ട് ആ വീട്ടിൽ നിന്നും അദ്ദേഹം യാത്ര തിരിച്ചു..അയാൾ മനസ്സിൽ പറഞ്ഞു...."അഥീന,നിന്നെ തിരക്കി വന്നത് കൊണ്ട് ഒരു പുതിയ മനുഷ്യനാകാൻ എനിക്ക് സാധിച്ചു.."..മനസ്സുകൊണ്ട് ആ കുഞ്ഞിനോട് മാപ്പ് പറഞ്ഞുകൊണ്ട് അദ്ദേഹം സ്കൂളിലേക്ക് തിരിച്ചു.......മറ്റൊരു മാർട്ടിനായ്........

വിഷ്ണുപ്രിയ
VIII A

# ആദർശിന്റെ ചിത്രങ്ങൾ....



**ക്യാ**മറ കണ്ണിലൂടെ പ്രകൃതിയെയും ജീവജാലങ്ങളെയും മനോഹരമായി ചിത്രീകരിക്കുന്ന ഒരു അനുഗ്രഹീത കലാകാരൻ ആണ് എട്ടാം ക്ലാസിൽ പഠിക്കുന്ന ആദർശ് .ജി. ആദർശിന്റെ കുറച്ച് ചിത്രങ്ങൾ ഇവിടെ പങ്കുവെയ്ക്കുന്നു



മലയണ്ണാൻ



ചാരമരപ്പൊട്ടൻ



മഞ്ഞക്കണ്ണിതിത്തിരി



പ്രാപ്പിടിയൻ



കന്യാസ്ത്രിക്കൊക്ക്



ആട്ടക്കാരൻ



കാക്കമീൻകൊത്തി



വലിയവേലിത്തത്ത




ചുട്ടിപ്പരുന്ത്



കരിഞ്ചുണ്ടൻ ഇത്തിക്കണ്ണിക്കുരുവി



കോഴിവേഴാമ്പല്



ചെറിയ നീർക്കാക്ക

# സ്നേഹവും അത്യാഗ്രഹവും

**പണ്ട്** പണ്ടൊരു ഗ്രാമത്തിൽ ശങ്കരൻ എന്നൊരു മുക്കുവൻ ജീവിച്ചിരുന്നു. അയാൾ ഒരു വ്യാപാരിയുടെ ഏക മകൾ ആയ സത്യഭാമയെ ആണ് വിവാഹം കഴിച്ചിരുന്നത്. സത്യഭാമ ജീവിതിത്തൽ പണമാണ് ഏറ്റവും വലുത് എന്ന് വിചാരിച്ച് ജീവിച്ചു. ശങ്കരൻ പകലന്തിയോളം അധ്വാനിച്ച് കൊണ്ട് വരുന്ന പണം മുഴുവൻ അവൾ സാധനങ്ങൾ വാങ്ങി തീർക്കും. ഭാവിയെ കുറിച്ച് സത്യഭാമ ഒരിക്കലും ചിന്തിച്ചിരുന്നില്ല. സത്യഭാമയുടെ ഈ അത്യാഗ്രഹത്തിൽ ശങ്കരൻ ഒരുപാട് ദുഖിച്ചിരുന്നു. ഇതിൽ എന്തെങ്കിലും ചെയ്യണമെന്ന് കരുതി ശങ്കരൻ സത്യഭാമക്ക് മുന്നിൽ അസുഖ ബാധിതനായി അഭിനയിച്ചു. " എന്റെ അസുഖം മാറുന്നത് വരെ നമ്മൾ എങ്ങനെ ജീവിക്കും, ഭക്ഷണത്തിനായ് എന്ത് ചെയ്യും? എങ്ങനെ ആഭരണങ്ങൾ വാങ്ങിക്കും, ഭഗവാനെ ഇനി ഞാൻ എഴുന്നേൽക്കുന്നത് വരെ എന്റെ സുന്ദരിയായ ഭാര്യ ജോലിക്ക് പോകേണ്ടി വരുമല്ലൊ, എനിക്ക് ഇത് കാണാൻവയ്യ " ശങ്കരൻ പറഞ്ഞു. കഴുത്തിൽ ആരോ കയറി പിടിച്ചത്പോലെ സത്യഭാമ മൂകയായി ഇരുന്നു. പിറ്റേ ദിവസം മുതൽ വേറെ വഴി ഇല്ലാതെ സത്യഭാമ ശങ്കരന്റെ ജോലിക്ക് പോയി തുടങ്ങി. പതിയെ പതിയെ സത്യഭാമക്ക് ശങ്കരന്റെ കഷ്ടപ്പട് മനസ്സിലായി തുടങ്ങി.ഒരു ദിവസം സത്യഭാമ ശങ്കരന്റെ അടുത്ത് ചെന്ന് പറഞ്ഞു "ഞാൻ ഇത്രയും നാൾ അത്യാഗ്രഹമെന്ന ക്യാൻസർ ബാധിച്ചിരിക്കകയായരുന്നു.എനിക്ക് ഇപ്പോൾ അധ്വാനത്തിന്റെ ബുദ്ധിമുട്ട് മനസ്സിലായി.ഇനിയൊരിക്കലും ഞാൻ പണം ദൂർത്തടിക്കില്ല. "... "ഇത് നിന്നെ മനസ്സിലാക്കി തരാൻ ആണ് ഞാൻ രോഗിയായി അഭിനയിച്ചത്. ഇപ്പോൾ നിനക്ക് മനസ്സിലായി കാണുമല്ലോ ജീവിതത്തിൽ ഏറ്റവും വലുത് സ്നേഹം ആണെന്ന്"ശങ്കരൻ പറഞ്ഞു. പിന്നീവഴക്കും പരിഭവവും ഇല്ലാതെ അത്യാഗ്രഹമില്ലാതെ ശങ്കരനും സത്യഭാമയും ജീവിച്ചു......

ഗ്ലോമിനോ സി. എം
ക്ലാസ്സ് ൯

# ജലക്ഷാമം

മനുഷ്യന്റെ അതിക്രമം മൂലം ഘോരവരൾച്ചയിലേക്ക് പോയ ഒരു ഗ്രാമത്തിൽ രാമുവെന്നും ഗോപാലൻ എന്നും പേരുള്ള രണ്ട് ഉറ്റ ചങ്ങാതിമാർ ഉണ്ടായിരുന്നു. അവരുടെ ഗ്രാമത്തിൽ ഉള്ള എല്ലാ ജനങ്ങളും ഒരിറ്റ് ജലത്തിനായ് വലഞ്ഞു. അവിടെയുള്ള ഭൂരിപക്ഷം ജനങ്ങളും വരൾച്ചയാൽ മരണത്തിന് കീഴടങ്ങി. ഒരു ദിവസം രാമുവും ഗോപാലനും ലഹളയിൽ ഏർപ്പെട്ടു. അവരുടെ വഴക്ക് മുഴുവൻ കണ്ടുകൊണ്ട് ഒരു മുത്തശ്ശി അവിടെ നില്പുണ്ടായിരുന്നു. മുത്തശ്ശി തന്റെ മുറിവേറ്റ പാദത്താൽ വരണ്ട ഭൂമിയിലൂടെ രാമുവിന്റെയും ഗോപാലന്റെയും അടുത്തെത്തി " എന്താ മക്കളെ ?...വഴക്കിടുന്നെ" മുത്തശ്ശി തന്റെ പരുക്കൻ ശബ്ദത്തിൽ ചോദിച്ചു. " മുത്തശ്ശി നമ്മുടെ ഗ്രാമം വരണ്ടുണങ്ങിയത് എങ്ങനെയാണ്" രാമു ചോദിച്ചു. വല്ല മൃഗമോ പക്ഷിയോ ചെയ്തതാണോ?" ഗോപാലൻ തന്റെ സംശയം പ്രകടിപ്പിച്ചു. മുത്തശ്ശി പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു. " മക്കളെ പക്ഷിയും മൃഗവും എല്ലാം അവർക്ക് ആവശ്യമായതെ എടുക്കാറുള്ളൂ.ഈ ഭൂമിയുടെ ഭംഗി നില നിർത്തുന്നത് തന്നെ അവരാണ്.എന്നാൽ നമ്മളെ പോലുള്ള സ്വാർത്ഥരായ മനുഷ്യർ ഈ പ്രകൃതിയെ ചൂഷണം ചെയ്യുന്നു.നമ്മുടെ ഈ ഗ്രാമത്തിൽ ജീവിച്ചിരുന്ന മനുഷ്യർ വീട് വെയ്ക്കാനും പണത്തിനായും വൃക്ഷങ്ങൾ വെട്ടുകയും, നദി വറ്റിക്കുകയും, മല നികത്തുകയും ചെയ്ത് ഈ ഗ്രാമത്തെ ഘോര വരൾച്ചക്ക്മുന്നിൽ എത്തിച്ചിരിക്കുകയാണ്. നിങ്ങളാണ് അടുത്ത തലമുറ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കു നമ്മുടെ ഈ ഭൂമിയെ സംരക്ഷിക്കു. അതിലൂടെ വരൾച്ചയും പ്രളയവും എല്ലാം അവസാനിക്കും.". " ശരി ഞങ്ങൾ മുത്തശ്ശിക്ക് വാക്ക് തരുന്നു ഞങ്ങൾ ഈ പ്രകൃതിയെ സംരക്ഷിക്കും" ഇരുവരും പറഞ്ഞു.അങ്ങനെ രാമുവിന്റെ ഗോപാലന്റെയും അവരുടെ കൂട്ടുകാരുടെയും ഒത്തൊരുമിച്ചുള്ള ശ്രമത്തിനൊടുവിൽ അവരുടെ ഗ്രാമം പച്ചപ്പാർന്നതായി. പിന്നീട് ആ ഗ്രാമവാസികൾ പ്രകൃതിയെ സംരക്ഷിച്ച് സന്തോഷത്തോടെ ജീവിച്ചു......

സാന്ദ്ര. എസ്
ക്ലാസ് 9

## പൊതുവിജ്ഞാനം

1.കേരളത്തിന്റെ ഔദ്യോഗിക ഫലം .

2."കിറ്റ് ഇന്ത്യ" എന്ന വാക്കിന്റെ അർത്ഥം.

3.ഇന്ത്യയുടെ ദേശീയ പുഷ്പം.

4."ആഷ മേനോൻ"ആരുടെ തൂലിക നാമം ആണ്.

5."നാരായൻ"ജനിച്ച വർഷം.

6.പി. ഭാസ്കരൻ ജനിച്ച വർഷം.

7.ചെമ്മീൻ ആരുടെ കൃതിയാണ്.

8.പച്ച സ്വർണ്ണം എന്നറിയപ്പെടുന്നത്.

9.നീല സ്വർണ്ണം എന്നറിയപ്പെടുന്നത്.

10.ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനം ഏത്.

### ഉത്തരങ്ങൾ

1.ചക്ക
2.ഇന്ത്യ വിടുക
3.താമര
4.കെ. ശ്രീകുമാർ
5.1940 സെപ്തംബർ 26
6.1924
7.തകഴി ശിവശങ്കരപ്പിള്ള
8.വാനില
9.ജലം
10.രാജസ്ഥാൻ

ഗ്രീഷ്മ കെ.ജി
ക്ലാസ്സ് ൯

# മാതൃസ്നേഹം

സ്നേഹത്തിൻ തലചായ്ക്കാൻ എൻ അമ്മ
താരാട്ട് പാടി ഉറക്കാൻ എൻ അമ്മ
സ്നേഹത്തിൻ തളിരായൊരെൻ അമ്മ
മാതൃ സ്നേഹത്തിൻ കുളിർതോരും അമ്മ !

സ്നേഹത്തിൻ തണലായെൻ അമ്മ
രൂപത്തിൽ ദൈവമാണെൻ അമ്മ
മാതൃ സ്നേഹം ചൂടുമെന്നമ്മ.
ദുഖത്തിൽ പങ്കുചേരുമെന്നമ്മ
സ്നേഹത്തിൻ നിഴലായെൻ അമ്മ
എന്നെ കാത്തിടുമെന്നമ്മ
ശുശ്രൂഷകയാണെൻ അമ്മ

പാലൂട്ടി വളർത്തിയെൻ അമ്മ
ഹൃദയത്തിൻ താളമാണെന്നമ്മ
മാതൃ സ്നേഹത്തിൻ വഴിയാണെന്നമ്മ
മാതൃ സ്നേഹമാണെന്നമ്മ

**ആൻ ലിയ സെബാസ്റ്റ്യൻ**
**ക്ലാസ്സ് 9**

## കിളിച്ചുണ്ടൻ മാമ്പഴം

എന്റെ സ്ക്കൂളിന്റെ അപ്പുറത്ത് ഒരു കിളിച്ചുണ്ടൻ മാവ് ഉണ്ടായിരുന്നു. ഞങ്ങളുടെ സ്ക്കൂൾ ജീവിതം തുടങ്ങിയത് അവിടെ നിന്നാണ്.ഞങ്ങൾ ദുഖങ്ങളും സന്തോഷങ്ങളും പങ്കുവെക്കുന്നത് അവിടെ വെച്ചായിരുന്നു.വിശക്കുമ്പോൾ ഓരോ മാങ്ങ പറിച്ച് തിന്നാറുണ്ട്. പഴുത്തതും പച്ചയും എല്ലാം ഉണ്ടായിരുന്നു.ചിലപ്പോഴൊക്കെ ഞങ്ങൾ മാങ്ങക്ക് വേണ്ടി ഇടിപിടിക്കാറുണ്ടരുന്നു. വീട്ടിൽ നിന്ന് ഉപ്പും മുളകും വെളിച്ചെണ്ണയും കൊണ്ടുവന്ന് ചാലിച്ച് മാങ്ങയും കൂട്ടി കഴിക്കുമായിരുന്നു.അതിന്റെ രുചി എപ്പോഴും ഞങ്ങളുടെ നാവിൽ തന്നെ ഉണ്ടാകുമായിരുന്നു ഒരു പ്രത്യേക ദംഗിയാണ് ആ മാങ്ങകൾ കാണുവാൻ, ഒരു മാങ്ങ കഴിച്ചാൽ രണ്ട് നേരവും ഒന്നും വേണ്ട. പണ്ട് കാലത്തെ ജീവിതം വളരെ മനോഹരമായിരുന്നു. ഇപ്പോഴാണെങ്കിൽ ആ മാവിന്റെ പൊടിപോലും ഇല്ല.

ശ്രീനന്ദന .ജി
ക്ലാസ് ൯

## ഒരു ഞെട്ടിലെന്നുടെ.....

ഒരു ഞെട്ടിലെന്നുടെ ക്രൂടെ വിരിഞ്ഞൊരീ
അഴകുള്ളരോമനപ്പൂവാണു നീ
അരുതരുതാരും നുള്ളി നോവിക്കാൻ
അനുവദിക്കില്ല ഞാൻ ഇതുവരെയും
ആദ്യം വിരിഞ്ഞപൂ ഞാനാണു നിശ്ചയം
ആദ്യമേ തന്നേ കൊഴിഞ്ഞുപോകും
ആവില്ലെനിക്കെന്റെ അനുജത്തിയില്ലാതെ
ഈയൊരു ലോകം എനിക്ക് വേണ്ട
എന്നുമെൻ ക്രൂടെ ഒരുമലർപ്പൂവായ്
ഇടനെഞ്ചിൻകോണിൽ നീ ചേർന്നുനിൽക്കും

# കലുങ്ക് ബ്രോസ്

ഞാൻ ഈ പറയാൻ പോകുന്ന കഥയിൽ എല്ലായ്പ്പോഴത്തെയും പോലെ, പണ്ട് പണ്ട്, ഒരിടത്ത് ഒരിടത്ത്.....എന്നൊന്നുമില്ല. ഇത് ഞങ്ങൾ ആറുപേരുടെ കൂട്ടുകെട്ടിന്റെ കഥയാണ്. ഇതൊരു ജീവിതം ആണ്. 6 പേരുടെ ജീവിതം. ഒന്നാം ക്ലാസുമുതൽ ഞങ്ങൾ നാലുപേരായിരുന്നു. അഞ്ചാം ക്ലാസ്സുവരെ ഞങ്ങൾ ചിരിച്ചും കളിച്ചും സന്തോഷത്തോടെ ജീവിച്ചു. ഒരു മിഠായി കിട്ടിയാൽ പോലും ഞങ്ങൾ എല്ലാവരും കൂടി പങ്കുവെച്ചാണ്കഴിക്കുന്നത്.അഞ്ചാം ക്ലാസ്സിന്റെ പകുതി എത്തിയപ്പോൾ ഞങ്ങൾ നാലുപേരുടെ കൂടെ 2 പേർ കൂടി ചേർന്നു . അങ്ങനെ ഞങ്ങൾ 6 പേരായി അവർക്കെല്ലാവർക്കും പരസ്പരം ഒരു ദേഷ്യവും ഇല്ലായിരുന്നു .ഞങ്ങളുടെ കൂട്ട്കെട്ടിൽ പലർക്കും അസൂയ ഉണ്ടായിരുന്നു . എന്നാൽ ഞങ്ങൾ അതൊന്നും വകവെച്ചിരുന്നല്ല. ഞങ്ങൾ വളർന്നു 10 ക്ലാസിൽ ആയി .ഞങ്ങളുടെ എല്ലാ പ്രശ്നങ്ങളും ഞങ്ങൾ ചർച്ചചെയ്യുന്നത് ഒരു കലിങ്കിൽ പോയിരുന്നാണ് . അവിടെ വെച്ചാണ് ഞങ്ങൾ ഞങ്ങളുടെ എല്ലാ പരാതികളും പരിഭവങ്ങളും പറഞ്ഞു തീർക്കുന്നത് .ഞങ്ങൾ ഇപ്പോൾ 10 ക്ലാസിൽ ആണ് പഠിക്കുന്നത് .ചെറുപ്പം മുതൽ ഞങ്ങൾ നന്നായി പഠിക്കുമായിരുന്നു .SSLC പരീക്ഷ എഴുതേണ്ടവർ ഞങ്ങൾ .ഓണ പരീക്ഷക്ക് നന്നായി പഠിച്ചു നന്നായി എഴുതി .ഓണത്തിനും ഞങ്ങൾ ആ കലിങ്കിൽ ഉണ്ടായിരുന്നു .ഓണം അവധി കഴിഞ്ഞു സ്‌കൂൾ തുറന്നു പേപ്പർ കാണിച്ചു ഞങ്ങൾ എല്ലാവരും എല്ലാ വിഷയത്തിനും നല്ല മാർക്കുകൾ വാങ്ങിച്ചു .ടീച്ചർ മാരെല്ലാവരും ഞങ്ങളെ അഭിനന്ദിച്ചു .അങ്ങനെ ഞങ്ങളുടെ സ്‌കൂൾ ജീവിതത്തിലെ അവസാ കാലഘട്ടമായി ,മാർച്ച് മാസം വന്നു , എല്ലാ മാസത്തേയും പോലെ ഈ മാസത്തിൽ ആരുടേയും മുഖത്ത് ഒരു പുഞ്ചിരിയും സന്തോഷവും ഇല്ലായിരുന്നു .ഞങ്ങൾ പരീക്ഷക്കുള്ള തയ്യാറെടുപ്പുകൾ നടത്തിയിരുന്നു .SSLC പരീക്ഷ അടുത്തു .പരീക്ഷയുടെ തുടക്കം കണക്കു പരീക്ഷ ആയിരുന്നു .ഞങ്ങൾക്ക് എല്ലാവർക്കും കുറച്ച് ബുദ്ധിമുട്ട് ഉള്ള വിഷയം ആയിരുന്നു കണക്ക് .എന്നാൽ ഞങ്ങൾ ഞങ്ങളാൽ കഴിയുന്ന വിധം പരിശ്രമിച്ചു .പരീക്ഷയുടെ തലേ ദിവസം ഞങ്ങൾ എല്ലാവരും ആ കലുങ്കിൽ ഒത്തുകൂടി .പരീക്ഷയെ പറ്റി സംസാരിച്ചു പിരിഞ്ഞു .പരീക്ഷ എല്ലാവരും നന്നായി എഴുതി .അങ്ങനെ അവസാനത്തെ പരീക്ഷയും ആയി .ഞങ്ങൾ സ്‌കൂൾ ജീവിതത്തിൽ നിന്ന് പിരിയുകയാണ് .എല്ലാവരും സങ്കടത്താൽ കരഞ്ഞു .അന്നും ഞങ്ങൾ ആ കലിങ്കിൽ പോയി കുറച്ച് നേരം ഇരുന്നു .അവിടെയാണ് ഞങ്ങളുടെ ജീവിതത്തിന്റെ തുടക്കവും അവസാനവും .റിസൾട്ട് വന്നപ്പോൾ ഞങ്ങൾ എല്ലാവരും Full A+ വാങ്ങി ജയിച്ചു .

**ഹൃദ്യാ രാജ്**
**ക്ലാസ്സ് 9**

# അമ്മക്കിളി

സ്നേഹം കൊണ്ടു തഴുകും അമ്മ
മാതൃസ്നേഹം നകരും അമ്മ
അറിവുപകരും എൻ  അമ്മ
അറിവാണെൻ അമ്മ

ആശ്രയമായെൻ അമ്മ
മധുവായെൻ അമ്മ
മധുരം നകരും അമ്മ
ഇതാണെൻ അമ്മക്കിളി

എന്നെ മാറോടു ചേർക്കും എൻ അമ്മ
എന്നെ താരാട്ട് പാടി ഉറക്കും അമ്മ
ഇതാണെൻ അമ്മ
എൻ അമ്മ കിളി

എൻ പ്രാണനെൻ അമ്മ
എന്റെ സ്നേഹമെൻ അമ്മ
എന്റെ ആശയമാണെൻ അമ്മ
ഇതാണെൻ അമ്മക്കിളി ...

**അമിലിയ സെബാസ്റ്റ്യൻ**
**ക്ലാസ്സ് 9**

# പൊതുവിജ്ഞാനം

1) ഇന്ത്യയിലെ ആദ്യത്തെ വനിത മുഖ്യമന്ത്രി ?

ഉ: സുചേത കൃപലാനി

2) ലോകത്തിലെ ആദ്യത്തെ വനിത പ്രധാനമന്ത്രി ?

ഉ: സിരിമാവോ ബന്ദാരനായകെ

3) ലോകത്തിൽ ഏറ്റവും കൂടുതൽ രാജ്യമുള്ള ഭൂഖണ്ഡം ഏത് ?

ഉ: ആഫ്രിക്ക

4) ഏയ്ഞ്ചൽ വെള്ളച്ചാട്ടം എവിടെയാണ് സ്ഥിതി ചെയ്യുന്നത് ?

ഉ: വെനസ്വേല

5) മിസ്സോറാം ഗവർണ്ണർ ആര് ?

ഉ: ശ്രീ. കുമ്മനം രാജശേഖരൻ

6) റെഡ്ക്രോസ്സ് സൊസൈറ്റി സ്ഥാപിച്ചതാര് ?

ഉ: ഹെൻറി ഡ്യൂനന്റ്

7) വൻകരകളുടെ നഗരം എന്നറിയപ്പെടുന്നത് ?

ഉ: ഇസ്താംബൂൾ

8) എവിടെ വെച്ചാണ് 2022-ലെ ലോകകപ്പ് ഫുട്ബോൾ നടക്കുന്നത് ?

ഉ: ഖത്തർ

9) ഉത്തരകൊറിയയുടെ തലസ്ഥാനം ?

ഉ: പ്യോങ്ങ് ഗാങ്ങ്

10)ജപ്പാന്റെ തലസ്ഥാനം ?

ഉ: ടോക്കിയോ

11)'ആടുജീവിതം' എന്ന നോവൽ എഴുതിയതാര് ?

ഉ   ബെന്യാമിൻ

12)നെൽസൺ മണ്ടേലയുടെ ആത്മകഥ ?

ഉ:  A Long Walk To Freedom

13)ലോകത്തിലെ ഏറ്റവും വലിയ കപ്പൽ ?

ഉ:  ഹാർമണി ഓഫ് സീസ്

14)2018-ലെ ലോക സുന്ദരി ആര് ?

ഉ: വനേസ പോൺസ് ഡി ലിയോൺ

15)അമേരിക്കയിലെ ഏറ്റവും വലിയ സംസ്ഥാനം ?

ഉ:  അലാസ്ക

Prepared By,
Devika V
IX A

# തേന്മാവ്

മുത്തശ്ശി നട്ടൊരു തേന്മാവ്
എൻ മുത്തശ്ശി നട്ടൊരു തേന്മാവ്
നിങ്ങൾ കാണുവെൻ തേന്മാവ്
മാമ്പഴമുണ്ട് കൊമ്പത്ത് ( 2 )
ഓടിവാ കൂട്ടരേ എൻ കൂട്ടരെ ( 2 )

മാവിൻ ചോട്ടിലിരുന്നീടും ഞങ്ങൾ
മാമ്പഴമൊന്നു തിന്നീടും
മാവിൻ ചോട്ടിലിരുന്നീടും ഞങ്ങൾ
മണ്ണപ്പം ചുട്ടു കളിച്ചീടും... ( 2 )
(ഓടിവാ...)

ഊഞ്ഞാലു കെട്ടി കളിക്കാൻ വാ
ഊഞ്ഞാലിലാടി രസിക്കാൻ വാ...
ഓടിവാ കൂട്ടരേ എൻ കൂട്ടരെ,
നിങ്ങൾ ഓടിവാ കൂട്ടരേ എൻ കൂട്ടരെ...( 2 )

-മേരിജിൻഷ സി.ബി

# A MESSAGE

BOY : Do you love me more than your family?
GIRL : No
BOY : Why?
GIRL : Because,when I started to walk...
I felt...
You where no to pick me up...
But my mother was there.
When I went outside...
You were not there to hold my fingers...
But my dad was there.
When I cried...
You didn't give me your toy to play...
But my brother did...
MY FAMILY IS MORE PRECIOUS **THAN ANY THING ELSE.**

# ജി.എച്ച്.എസ്.എസ് ചേർത്തല സൗത്തിലെ കുട്ടി പട്ടങ്ങൾ....



# നന്ദിയോടെ..........

ഈ മാഗസിനിന് പിന്നിൽ പ്രവർത്തിച്ച എല്ലാ കുട്ടികൾക്കും.........ഇതിന് പിന്തുണ നൽകിയ എല്ലാ അധ്യാപകർക്കും.........ഒരായിരം നന്ദി......

# നന്ദി.......